9. Resikan Rowther Mohamed Rowther Pakir Pathumma, Thodupuzha.
10. Sri. Kanapilly Ouseph Korath.
11. Rev. Fr. Vadakoot Jacob.
12. Rev. J. Elamkunnapuzha.
13. Sri. Thekkethala Thoman Ittoop.
14. ,, Kattil Varu Chakkoru.
15. Rev. Fr. Joseph Manjali.
16. Rev. Fr. Joseph Attokaran.
17. Chirayath Devassy Kunhuvareed.
18. Sri. K. A. Paulose.
19. ,, Idinhakuzhy Ithaka Ithaka.
20. ,, V. I. Isac.
21. Dharmaprakasini Sabha
22. Kudumichetties of Kumbalanghy.
23. Vicar, St. Thomas Church, Malayattur.
24. Sri. Kadir Rowther, s/o Sri. Vella Rowther.
25. ,, Kakkassery Cheekku Veeran.
26. ,, Mundampillil Abdul Kadir.

Note.—There are cases of one applicant applying for more than one church, cemetery or mosque.

ശ്രീ. വി. കെ. ജോസഫ്: ഒന്നിൽ കൂടുതൽ കൊല്ലം പഴക്കമുള്ള അപേക്ഷകരും ഇതിൽ ഉണ്ടോ?

Sri. E. John Philipose: The statement is on the table. I cannot give the dates now, but I shall supply the information later.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: കഴിഞ്ഞ ഒരു കൊല്ലത്തിൽ ക്ഷേത്രങ്ങളും പണിയുവാനുള്ള അനുവാദത്തിനു വല്ല അപേക്ഷകളും കിട്ടിയിട്ടുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അങ്ങിനെയുള്ള അപേക്ഷകളും ഇല്ല.

ശ്രീ. അലക്സാണ്ടർ വാകയിൽ: ആരാധന സ്ഥലങ്ങളും പണിയിക്കുന്നതിനുള്ള അപേക്ഷകളും ഏതെങ്കിലും അധികൃതരുടെ എതിർപ്പുമൂലം തള്ളപ്പെട്ടിട്ടുണ്ടോ എന്നറിയാമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതിനെപ്പറ്റി സ്പെസിഫിക്കായിട്ട ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. അലക്സാണ്ടർ വാകയിൽ: പൊതു ആരാധനസ്ഥലങ്ങളും സ്ഥാപിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഇൻഡ്യൻ ഭരണഘടനയിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതായി അറിയാമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതു് അനുവദിക്കുന്നതിനെ സംബന്ധിച്ചു ഗവണ്മെണ്ടിൽനിന്നു ചില നിർദ്ദേശങ്ങളും നൽകിയിട്ടുണ്ടു്. അതനുസരിച്ചുള്ള പരിഗണനകളും വെച്ചുകൊണ്ടാണു് അപേക്ഷകളും സ്വീകരിക്കുന്നതു്.

ശ്രീ. അലക്സാണ്ടർ വാകയിൽ: ഇൻഡ്യൻ ഭരണഘടനയിൽ അതിനു സ്വാതന്ത്ര്യമുള്ള നിലക്കു് ഇവിടത്തെ നിയമം എടുത്തുകളയുമോ?

Mr. Speaker: It is a matter of opinion.

ശ്രീ. വർഗ്ഗീസ്സു് അരസ്സിൻ: ഇൻഡ്യൻ ഭരണഘടന ഉണ്ടായതിനുശേഷം ഇവിടത്തെ ലോസ് അമൻഡു ചെയ്തിട്ടുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ഇല്ല.

ശ്രീ. സി. വി. ഇയ്യു: അതിനുശേഷം വല്ല ഹർജികളും തള്ളപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: നോട്ടീസ്സു വേണം.

ശിപായിമാർക്കു് ഗാന്ധിത്തൊപ്പി

7/27/ * ൭൯൩. (൨) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സദയം മറുപടി പറയുമോ.—

(എ) പബ്ലിക്കു് ആഫീസിലെ ശിപായി തുടങ്ങിയ താഴ്ന്ന ഉദ്യോഗസ്ഥന്മാർ ഗാന്ധിത്തൊപ്പി ധരിക്കണമെന്നു ഗവണ്മെൻറിൽനിന്നു് ഒരു സർക്കുലർ അയച്ചിട്ടുണ്ടോ;

(ബി) അപ്രകാരമൊരു സർക്കുലർ അയക്കുന്നതിനു് ഗവണ്മെൻറിനെ പ്രേരിപ്പിച്ച സംഗതി എന്താണെന്നു പറയുവാൻ ദയവുണ്ടാകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉയർന്ന ഉദ്യോഗസ്ഥന്മാർ ആരെങ്കിലും ഗാന്ധിത്തൊപ്പി ധരിക്കുന്നുണ്ടോ? അവർ ഗാന്ധിത്തൊപ്പി ധരിക്കണമെന്ന സർക്കുലർ ഉണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്:

(എ) പ്രത്യേകം ഉടുപ്പ് ധരിക്കാതെ നില്ക്കുന്ന ശിപായിമാർ ഗാന്ധിത്തൊപ്പി ധരിക്കണമെന്ന സർക്കുലർ അയച്ചിട്ടുണ്ട്. അതു് Simple, respectable and inexpensive ആയതുകൊണ്ടാണു്.

(ബി) അറിവില്ല.

(സി) ഇല്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: എന്നാണു് ഈ സർക്കുലർ അയച്ചതെന്നു് അറിയാമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: സർക്കുലർ അയച്ചതിന്റെ തിയ്യതി ഇവിടെയില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഖദർ അല്ലാത്ത ഗാന്ധിത്തൊപ്പി ധരിക്കണമെന്നു നിർദ്ദേശിച്ചിട്ടുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ഗാന്ധിത്തൊപ്പി എല്ലാം ഖദറാണു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഖദർ അല്ലാത്ത ഗാന്ധിത്തൊപ്പി ധരിക്കുന്നതായിഅറിയാമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ഇല്ല.

ശ്രീ. വി. ഗംഗാധരൻനായർ: മന്ത്രിമാർ എല്ലാവരും ഗാന്ധിത്തൊപ്പി ധരിക്കാതെ ശിപായിമാർ എല്ലാവരും ഗാന്ധിത്തൊപ്പി ധരിക്കണമെന്നു വെച്ചിട്ടുള്ളതു് അസമത്വം ദൂരീകരിക്കുന്നതിനു വേണ്ടിയാണോ?

Mr. Speaker: That is argument.

ശ്രീ. എം. ഐ. പാൽ: സർക്കുലറിനു ശേഷം എല്ലാവരും ഗാന്ധിത്തൊപ്പി ധരിച്ചിട്ടുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: മറ്റുതരം തുണികൊണ്ടുള്ള തലപ്പാവിനു പകരം ഗാന്ധിത്തൊപ്പി ധരിക്കണമെന്നാണു് പറഞ്ഞിരിക്കുന്നതു്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: തലപ്പാവിനു പകരം ഗാന്ധിത്തൊപ്പി ധരിക്കണമെന്നല്ലെ പറഞ്ഞിരിക്കുന്നതു്?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതെ.

Sri. D. Gnanasigamoni: Have any of them ever protested against those directions?

Sri. E. John Philipose: Not at all.

ശ്രീ. സി. വി. ഇയ്യു: ഗാന്ധിത്തൊപ്പിയുടെ നിറം വെളുത്തതായിരിക്കണമെന്നില്ലേ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അതു് ഏതുതരത്തിലും ആവാം.

ശ്രീ. എം. ഐ. പാൽ: ശിപായിമാർ ഗാന്ധിത്തൊപ്പി ധരിച്ചുതുടങ്ങിയതു്?

No answer.

Sri. K. P. Nilakanta Pillai: May I know whether these Gandhi caps are supplied by Government?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: തലപ്പാവിനു പകരം ഗാന്ധിത്തൊപ്പി വേണമെന്നാണു് പറഞ്ഞിരിക്കുന്നതു്.

ശ്രീ. സി. വി. ഇയ്യു: ഗാന്ധിത്തൊപ്പി ശിപായിമാരെക്കൊണ്ടു് ധരിപ്പിക്കുന്നതു് മഹാത്മാഗാന്ധി ധരിച്ചതായ ആ വസ്ത്രത്തെ അപമാനിക്കുകയല്ലേ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: അല്ല.

Sri. K. P. Nilakanta Pillai: Why don't the Ministers wear Gandhi caps?

(No reply)

ആയുർവ്വേദത്തിനു് ഡിഗ്രികോഴ്സു്

* ൭൫൭. (൯) ശ്രീ. പി. നാണു: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ആയുർവേദത്തിനു് ഡിഗ്രികോഴ്സു് ഏർപ്പെടുത്തണമെന്നു സർക്കാരിന്റെ തീരുമാനിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly